"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീമതി.സുകന്യ ഇ.എസ് -ന് കൃഷി വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഇബി) വകുപ്പ്**

സ.ഉ.(കൈ) നം.11/2025/AGRI തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-

1. 24.05.1999-തീയതിയിലെ സ.ഉ.(പി) 12/99/ഉഭപവ.
2. 12.04.2010-തീയതിയിലെ സ.ഉ.(പി) 14/10/ഉഭപവ.
3. 26.09.2014-തീയതിയിലെ സ.ഉ.(പി) 14/10/ഉഭപവ.

4 28.04.2018 തീയതിയിലെ സ.ഉ.(പി) 33/2014/ഉഭപവ.

5 ശ്രീമതി.സുകന്യ ഇ.എസ് ന്റെ 07.07.2022 തീയതിയിലെ അപേക്ഷ.

6 14.07.2023 തീയതിയിലെ ജി.ഒ(പി)നം. 12/2023/പി&എ ആർ ഡി.

7 പാലക്കാട് ജില്ലാകളക്ടറുടെ 03/04/2023 ലെ DCPKD/15150/2022-A3 നമ്പർ കത്ത്.

8 കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 25.04.2023,08.09.2023 ,10.12.2024 തീയതികളിലെ ADFW/9244/2022-SA4നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ മണ്ണൂർ കൃഷിഭവനിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കെ 07.03.2021 -ന് മരണമടഞ്ഞ സുകുമാരൻ.ഇ.എസ് -ന്റെ മകളായ ശ്രീമതി.സുകന്യ ഇ.എസ്- ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൃഷി വകുപ്പിൽ ചട്ടപ്രകാരം ക്ലാസ് 3//ക്ലാസ് 4 തസ്തികയിൽ നിയമനം നൽകുന്നതിനായി അപേക്ഷയും അനുബന്ധ രേഖകളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (8) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് 10.12.2024 - ലെ വകുപ്പ് ഡയറക്ടറുടെ കത്തിലൂടെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകിയാൽ മതി എന്ന് ശ്രീമതി.സുകന്യ ഇ.എസ്. അപേക്ഷിക്കുകയുണ്ടായി.

2. പ്രസ്തുത ശിപാർശയിന്മേൽ പാലക്കാട് ജില്ലാ കളക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അപേക്ഷകയ്ക്ക് 27 വയസ്സുണ്ടെന്നും (ജനനതീയതി 15.02.1996) , ടിയാൾ എസ്.എസ്.എൽ.സി പരീക്ഷ പാസായിട്ടുണ്ടെന്നും അപേക്ഷകയുടെ കുടുംബവാർഷിക വരുമാനം

1,30,000/-(ഒരു ലക്ഷത്തി മുപ്പതിനായിരം) രൂപയാണെന്നും , പരേതനായ സർക്കാർ ഉദ്യോഗസ്ഥന്റെ ആശ്രിതരെല്ലാം ശ്രീമതി.സുകന്യ ഇ.എസ്- ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും കൂടാതെ പരേതന്റെ ആശ്രിതർക്ക് ആർക്കും തന്നെ ഈ പദ്ധതിയിൻകീഴിൽ നിയമനം ലഭിച്ചിട്ടില്ലെന്നും പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പരാമർശം 1,2,3,6-ലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നുണ്ട് എന്ന് കണ്ടതിനാൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീമതി.സുകന്യ ഇ.എസ്. - നെ ടിയാൾ ആവശ്യപ്പെട്ട തസ്തികയിലേക്ക് അർഹതയനുസരിച്ച് പരിഗണിക്കാവുന്നതാണെന്ന് പാലക്കാട് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, പാലക്കാട് ജില്ലാ കളക്ടർ എന്നിവരുടെ ശിപാർശയുടെയും പരാമർശം (5) പ്രകാരമുള്ള ശ്രീമതി.സുകന്യ ഇ.എസ്- ന്റെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ, ശ്രീമതി.സുകന്യ ഇ.എസ്.- ന് (എരഞ്ഞിപ്പറമ്പിൽ വീട്, കിഴക്കുംപുറം, മണ്ണൂർ, പാലക്കാട് -678642) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിൽ, അപേക്ഷക നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള പാലക്കാട് ജില്ലയിൽത്തന്നെ കഴിവതും നിയമനം നൽകുന്നതിന്, ചുവടെ പ്പറയുന്ന നടപടികൾക്കും വ്യവസ്ഥകൾക്കും നിലവിലെ ചട്ടങ്ങൾക്കും വിധേയമായി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1 . അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ പരിശോധിക്കേണ്ടതാണ്.

2 . സാധുവായ അപേക്ഷാ തീയതിയെ അടിസ്ഥാനമാക്കി, നിയമനത്തിനായുള്ള അപേക്ഷകയുടെ സീനിയോരിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതുമാണ്

3 . ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് ടിയാളുടെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. പരേതനായ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും ജീവനക്കാരൻ അവസാനമായി ജോലി ചെയ്തിരുന്ന ഓഫീസിലെ ജീവനക്കാര്യം സംബന്ധമായ രജിസ്റ്ററിലും ഇതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

5 . ബന്ധപ്പെട്ട നിയമനാധികാരി പരാമർശം( 6 ) പ്രകാരമുള്ള സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതും ആശ്രിത സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്നവർക്കെതിരെ ടി ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

5) അപേക്ഷക സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോദ്ധ്യമാവുകയോ ചെയ്താൽ ഈ ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർഖാൻ.എസ്

അഡിഷണൽ സെക്രട്ടറി

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി.സുകന്യ ഇ.എസ്, എരഞ്ഞിപ്പറമ്പിൽ വീട്, കിഴക്കുംപുറം, മണ്ണൂർ, പാലക്കാട് -678642

ജില്ലാ കളക്ടർ, പാലക്കാട്

പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Divia L

സെക്ഷൻ ഓഫീസർ

Date: 31-01-2025 11:41:37